
Holy Family HSS, Kattoor
വിഹാരം
Digital Magazine- Little Kites
2024

# ആശംസ



പഠനത്തോടൊപ്പം രചനാപരമായ കഴിവുകളും സാങ്കേതീക പരിജ്ഞാനവും ഉരസി മിനുക്കുവാൻ സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് അണിയിച്ചൊരുക്കുന്ന "വിഹാരം " സ്വതന്ത്രമായ രചനാ വിഭവങ്ങളുടെ ഒരു കലവറയാണ്. ഇതിനു പിന്നിൽ അണിനിരന്ന എല്ലാവർക്കും നന്മകൾ നേരുന്നു. "വിഹാര"ത്തിനു എല്ലാവിധ ആശംസകളും

സ്നേഹത്തോടെ

സീമ സ്റ്റീഫൻ

(ഹെഡ്മിസ്ട്രസ്)

ഹോളി ഫാമിലി എച്ച് എസ് എസ് കാട്ടൂർ

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ** : **ബിൻസിമോൾ പി എ**

**അംഗങ്ങൾ**

**ആരോൺ ജോജോ**

**ഫെലിക്സ് സേവ്യർ**

**സാനിയ പീറ്റർ**

**അലീന മരിയ**

**റിതിക സെബാസ്റ്റ്യൻ**

**ലിയ തോമസ്**

# Our School



# ഹോളി ഫാമിലി എച്ച് എസ് എസ് കാട്ടൂർ

## ചരിത്രം

ആലപ്പുഴ ജില്ലയിലെ കലവൂർ വില്ലേജിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ, കാട്ടൂർ.** കാട്ടൂർ സ്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. 1920 മെയ് 7 ന് 58 പെൺകുട്ടികളുമായി ഒരു ഗേൾസ് സ്കൂൾ ആയാണ് ഹോളി ഫാമിലി കോൺവെൻറ് സ്കൂൾ സ്ഥാപിതമായത്. റവ. ഫാ. സെബാസ്റ്റ്യൻ എൽ.സി. പ്രസന്റേഷൻ ആണ് വിദ്യാലയം സ്ഥാപിച്ചത്.ശ്രീ.ടി.എൽ.ലിയാണ്ടർ ആയിരുന്നു ആദ്യ പ്രധാന അദ്ധ്യാപകൻ. കോട്ടയത്തുള്ള ഗേൾസ് സ്കൂൾ ഇൻസ് പെക്ട്സിന്റെ കീഴിലാണ് സ്കൂൾ ആദ്യം പ്രവർത്തിച്ചിരുന്നത്. 1948 മെയ് 20 ന് ഇതൊരു മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് ഇത് ഒരു മിക്സഡ് സ്കൂളാകുകയും 1964 ജൂൺ 1 ന് ഹൈസ്കൂളാകുകയും ചെയ്തു. സി.മേരി ഫിലോമിന ആയിരുന്നു അപ്പോൾ പ്രധാന അദ്ധ്യാപിക. 2000 ജൂൺ 24 ന് വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. ആലപ്പുഴ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത് വിസിറ്റേഷൻ കോൺഗ്രിഗേഷൻ സന്യാസിനികളാണ് . റവ.ഫാ.ക്രിസ്റ്റഫർ അർത്ഥശ്ശേരിൽ കോർപ്പറേറ്റ് മാനേജറും സി.റോസ് ദലീമ.ലോക്കൽ മാനേജറായും പ്രവർത്തിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിന്റെ


ഹെഡ്മിസ്ട്രസ് ശ്രീമതി സീമ സ്റ്റീഫനും പ്രിൻസിപ്പാൾ ശ്രീ .സൈറസ് കെ .എസുമാണ് .

# കാട്ടൂർ നാടിന്റെ അക്ഷര ദീപം



# Rev.Fr.Sebastian L C Presentation

## (our founder)



# അമ്മ



അമ്മയെൻ ഹൃദയത്തിലെന്നുമുണ്ട്
ആദ്യം പഠിച്ചൊരു വാക്കാണിത്
കനിവായ് നിറഞ്ഞൊരു സ്നേഹമുണ്ട്
ഊട്ടിയുറക്കിയ കൈകളുണ്ട്
ഏകയായ് കരയുന്ന നേരത്ത്
നീ തന്ന ചുംബന ചൂടുമുണ്ട്.
ചോര നീരാക്കി നീ തന്ന മുലപ്പാലിൽ
മധുരം എൻ നാവിൽ ഇന്നുമുണ്ട്.
അമ്മയെന്നാദ്യമായ് ഞാൻ വിളിച്ചപ്പോൾ
അമ്മ നീ തന്നോരുമ്മ എൻ മനസ്സിലുണ്ട്.
കാട്ടാള കണ്ണിൽപ്പെടാതെ
കാവലായ് നിന്ന നിൻ മിഴികളുണ്ട്.
അണയാത്ത തിരിനാളമായ്  നീ എന്നുമുണ്ട്.
അമ്മയെൻ ഹൃദയത്തിൻ എന്നുമുണ്ട്.

**Sreehari Shaji-2B**

# Digital Pookkalam



# പ്രളയം



പ്രളയമേ നിന്നെ ഞാൻ

പ്രണയം എന്ന് വിളിച്ചോട്ടെ

പ്രഹരം എന്ന് വിളിക്കട്ടെ

അഹന്തയുടെ ചരട് പൊട്ടിക്കുവാൻ

അജ്ഞാതനായവൻ തൊടുന്ന ശരമാണോ നീ

സത്യത്തെയും അസത്യത്തെയും നീ കടപുഴക്കി

അനാഥനെയും സനാഥനെയും നീ വാരിപ്പുണർന്നു

നീ ഒഴുകിയ വഴി വിജനത വിജനത മാത്രം


നീ  വർണ്ണനയെയും  അഭംഗിയും ചേർത്ത്

പ്രളയമേ നിന്റെ ചിറകിൽ എല്ലാവരും സമന്മാർ

അലീന മരിയ

**8A**

# ഗാന്ധിജിയുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ



ഒരു വ്യക്തിയുടെ സമഗ്രമായ വികാസമാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് നമുക്ക് പകർന്ന മഹാ ഗുരുവാണ് ഗാന്ധിജി. വിദ്യാഭ്യാസത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ ആശയങ്ങളെല്ലാം സത്യം, അഹിംസ എന്ന ഗാന്ധിജിയുടെ സമരാശയങ്ങളുമായി ബന്ധപ്പെട്ടത് തന്നെയാണ്. അറിയാനുള്ള ഒരുവന്റെ അന്വേഷണമാണ് വിദ്യാഭ്യാസം എന്നാണ് വിദ്യാഭ്യാസത്തെ അദ്ദേഹം നിർവചിച്ചിട്ടുള്ളത്. സാക്ഷരത നേടുക വിദ്യാഭ്യാസത്തിന്റെ അവസാനമല്ലെന്നും ആരംഭം മാത്രമാണെന്നും അദ്ദേഹം പഠിപ്പിച്ചിരുന്നു. വിദ്യാഭ്യാസത്തെ മനസ്സിന്റെ വ്യായാമമായാണ് അദ്ദേഹം കരുതിയിരുന്നത്. അതുകൊണ്ടുതന്നെ ഏത് പ്രായത്തിലും അറിവ് നേടാനുള്ള താൽപര്യവും മനസ്സും നാം നിലനിർത്തണമെന്ന് ഗാന്ധിജി പഠിപ്പിച്ചു. കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസം അവരുടെ കഴിവുകളെ വളർത്താനും അവരെ സജീവരാക്കാനും ഉത്തരവാദിത്വബോധമുള്ളവരും ഉൽപാദന ക്ഷമതയുള്ളവരും ആക്കാനും ഉപകരിക്കുന്നതാകണം എന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടിരുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ പ്രക്രിയ പൂർത്തിയായ ഒരു കുട്ടി ഏതെങ്കിലും തൊഴിൽ ചെയ്യാൻ നിർബന്ധമായും അറിവുള്ളവൻ ആയിരിക്കണം അല്ലാത്തപക്ഷം അവൻ നേടിയ വിദ്യാഭ്യാസം പ്രയോജന രഹിതമാണ്.

**Jasmine Boban-8 C**

# കുഞ്ഞു കുരുവി

ഒരു പാവം കുഞ്ഞു കുരുവി അവളുടെ വീട് ഒരാൾ മരത്തിന്റെ ചി ല്ലയിലാണ്. ആ നിമിഷം നല്ല മഴയും കൊടുങ്കാറ്റും വന്നു. അവളുടെ കൂട് തകർന്നുപോയി. വർഷകാലത്തിന്റെ തുടക്കമായിരുന്നു അത്. അവൾ കുറെ ദൂരം പറന്നു പറന്നു പറന്ന് അങ്ങനെ കുറെ മരങ്ങൾ നിറഞ്ഞ ഒരു കാട്ടിൽ എത്തി. അവൾ എല്ലാം പോയി. മരങ്ങളെല്ലാം കൂടുക ൾ കൊണ്ടു നിറഞ്ഞിരിക്കുകയാണ്. . അവൾ ആദ്യം കണ്ട മരം പ്ലാവ് ആയിരുന്നു. അവൾ പ്ലാവ് മരത്തിന്റെ അടുത്ത് എന്ന് ചോദിച്ചു. പ്ലാവ് മരമേ ഞാൻ ദൂരെ നിന്നും വന്നതാണ്. എന്റെ കൂടും, വീടും ഒക്കെ ശക്തമായ കാറ്റിലും മഴയിലും ഒലിച്ചുപോയി.എനിക്ക് മഴക്കാലത്ത് കൂടുകൂട്ടുവാൻ നിന്റെ ഒരു ചില്ല തരുമോ? പ്ലാവ് പറഞ്ഞു ഞാൻ തരില്ല എന്റെ ചില്ലകളിൽ കുറെ കൂടുകൾ ഉണ്ട് അതിന്റെ കൂടെ നിന്റെ ഭാരം കൂടി താങ്ങാൻ എനിക്ക് കഴിയില്ല. കുഞ്ഞി കുരുവി വിഷമിച്ച് തേക്കുമരത്തിന്റെ അടുത്തേക്ക് പോയി. അവൾ ചോദിച്ചു. തേക്കുമരമേ എനിക്ക് കൂടുകൂട്ടുവാൻ ഇടമില്ല നീ എനിക്കൊരു ചില്ല് തന്നാൽ വർഷകാലത്ത് എനിക്ക് അവിടെ കഴിയാം. തേക്കുമരം പറഞ്ഞു ഇല്ല ആകെ ഒരു ചില്ല കൂടിയേ ഉള്ളൂ ഒടിയാൻ നീ വേറെ ഏതെങ്കിലും മരത്തിൽ പോകൂ. കുഞ്ഞി കുരുവി കുറെ മരങ്ങളിൽ കയറിയിറങ്ങി ചോദിച്ചു അവരെ ആരും ഇടം കൊടുത്തില്ല. അവസാനം അവൾ ഒരു വാഴയുടെ അടുത്തെത്തി. വാഴമരം കൂടുകൂട്ടാൻ സമ്മതിച്ചു അന്ന് രാത്രി നല്ല മഴയും വെള്ളപ്പൊക്കവും കൊടുങ്കാറ്റും വന്നു പ്ലാവും തേക്കും എല്ലാ മരങ്ങളും ഒടിഞ്ഞു വാഴ മാത്രം ഒടിഞ്ഞില്ല. കുഞ്ഞി കുരുവിയും വാഴയും സന്തോഷത്തോടെ കഴിഞ്ഞു. സഹായം തേടി വരുന്നവനെ ഉപേക്ഷിക്കരുത്.

സാനിയ പീറ്റർ

8A

# സ്വപ്നം



സ്വപ്നം പറന്നിറങ്ങുന്ന നിമിഷം ഹൃദയം ആനന്ദത്താൽ നിറഞ്ഞു

സ്വപ്നം എന്ന ചിറകിൽ എനിക്ക് ലോകം മുഴുവൻ പറഞ്ഞിറങ്ങണം

സ്വപ്നനിമിഷം എൻ മനസ്സിൽ ഒരായിരം ചിറകുകൾ വിടർന്നു

മനസ്സിനുട നീളമെൻ ഞാൻ സ്വപ്നത്തിൽ ആരാഞ്ഞു

ഞാൻ ഉണർന്നിടുന്ന നേരം എന്നിൽ ആരോ ഉണർന്നതായി

തോന്നുന്ന നിമിഷം

ഞാൻ ഏകാന്തതയുടെ ആഴങ്ങളിൽ

സ്വപ്ന തലോടലിൽ മന്ദം ഞാൻ ഉണർന്നു

ഉണരുമെൻ കണ്ണുകളിൽ ഞാൻ കണ്ട സ്വപ്നം മാത്രം

ഇനിയും ഉണരുമെൻ സ്വപ്നം

റിതിക സെബാസ്റ്റ്യൻ

8A

# ഗാന്ധി വചനങ്ങൾ




- എനിക്ക് അവകാശപ്പെടാനുള്ള ഏക ഗുണം സത്യവും അഹിംസയും ആണ്.

- ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിച്ചെടുക്കുകയാണ് വിദ്യാഭ്യാസം.

- ഈശ്വരനെ നമുക്ക് ഭയവും വിശ്വാസവും ഉണ്ടെങ്കിൽ മറ്റൊന്നും ഭയപ്പെടേണ്ടതില്ല. എന്റെ പരിമിതികളെ പറ്റി എനിക്ക് നല്ല ബോധമുണ്ട്. അതാണ് എന്റെ ബലവും.

- ഒരു വിദ്യാർത്ഥിക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല പാഠപുസ്തകം അധ്യാപകനായിരിക്കണം.

- മനുഷ്യ ജീവിതത്തിലെ വിലപ്പെട്ട സമയങ്ങൾ കടന്നു പോകുന്നു അത് ആരെയും കാത്തുനിൽക്കുന്നില്ല.അത് സ്വന്തമാക്കു.

LIYA THOMAS

8C

# എന്റെ ഓണം



ഒരു സുപ്രഭാതത്തിൽ ഞാൻ കിളികളുടെയും മറ്റും ശബ്ദം കേട്ട് ഉണർന്നു. അടുക്കളയിൽ ചെന്നപ്പോൾ അമ്മ ഒരു ഗ്ലാസ് ചായ തന്നു. ചായ കുടിച്ചിരിക്കുമ്പോൾ ആണ് ഓർത്തത് നാളെ ഓണം ആണല്ലോ എന്ന്. പിന്നെ ഓർത്തു അതിനുള്ള തയ്യാറെടുപ്പുകൾ നടത്താമെന്ന്. പൂത്തൻ ഉടുപ്പ് പലനിറത്തിലുള്ള പൂക്കൾ അങ്ങനെ പലതും. തയ്യാറെടുപ്പുകൾ കഴിഞ്ഞപ്പോൾ സമയം പോയത് അറിഞ്ഞതേയില്ല. രാത്രിയായി അപ്പോഴും ചിന്ത രാവിലെ എഴുന്നേൽക്കണം. രാവിലെ അല്പം വൈകിയാണ് എഴുന്നേറ്റത്. നല്ല പാലപ്പത്തിന്റെ മണം എന്റെ മൂക്കിനെ തഴുകി വിളിക്കുന്നതായി എനിക്ക് തോന്നി. ഞാൻ നീട്ടിയ പാത്രത്തിലേക്ക് അമ്മ രണ്ടു പാലപ്പം തന്നു. കൂടെ ചൂടുള്ള നല്ല മുട്ടക്കറിയും. അത് കഴിച്ചതിനുശേഷം അല്പനേരം കിഴക്കോട്ട് നോക്കി പ്രഭാതഭംഗി ആസ്വദിച്ചു. ഞാൻ പിന്നീട് സമയം കളയാതെ എന്റെ അത്തപ്പൂക്കളം ഒരുക്കി. അത് നോക്കി തനിയെ പറഞ്ഞു എന്ത് ഭംഗി. ഈ സമയം അമ്മ സദ്യക്കുള്ള വിഭവങ്ങൾ ഒരുക്കുകയായിരുന്നു. ഉച്ചയായപ്പോൾ എല്ലാവരും ഓണസദ്യ കഴിക്കാൻ തയ്യാറായി വന്നു. പുത്തൻ ഉടുപ്പിട്ട് ഞാനും തയ്യാറായി. ഓരോരുത്തരുടെയും മുന്നിലെ വാഴയിലയിലേക്ക് അമ്മ ചോറും കറികളും വിളമ്പി എന്റെ ഇലയിൽ വിളമ്പിയ ചോറ് നടുക്ക് വലിയൊരു കുഴിയുണ്ടാക്കി നല്ല സ്വാദുള്ള സാമ്പാർ അതിലേക്കു ഒഴിച്ച് ഞാൻ ചോറു കൊണ്ട് തന്നെ അത് മൂടി. സദ്യക്ക് ശേഷം പുറത്തിരുന്നപ്പോൾ നല്ല വെയിലത്ത് മഴ പെയ്തത് കൗതുകകരമായി. ശ്രദ്ധയ്ക്ക് ശേഷം വീടിന് പുറത്തെ ബഹളം കേട്ട് ഓടിയെത്തിയ ഞാൻ കണ്ടത് കുറെ കുട്ടികൾ ഓണക്കളികൾ കളിക്കുന്നു ഞാനും ചേർന്നു കസേരകളിൽ

വാലുപറി,മിഠായി പെറുക്ക് അങ്ങനെ കുറെ രസകരമായ കളികൾ കളിക്കാൻ സാധിച്ചു. കളികഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ അമ്മ നല്ല ചൂട് പഴംപൊരിയും കാപ്പിയും തന്നു. വീണ്ടും ഞാൻ കളിയിൽ പ്രവേശിച്ചു. ഞാൻ കുളിക്കുവാനായി പോയപ്പോൾ അമ്മ എന്നെ പുത്തൻ ഉടുപ്പിടുവാൻ ഓർമിപ്പിച്ചു. കാര്യം തിരക്കിയപ്പോഴാണ് ഇനി വായനശാലയുടെ ഓണപരിപാടികൾ ഉണ്ടെന്നറിയുന്നത്. ഓണ പരിപാടിയെല്ലാം കഴിഞ്ഞപ്പോൾ രാത്രി 12 മണിയായി. അങ്ങനെ ഏഴ് മണിക്ക് എഴുന്നേൽക്കുന്ന ഞാൻ പത്തു മണിയായിട്ടും അന്ന് ഉണർന്നില്ല. അമ്മ എന്നെ വിളിച്ചപ്പോഴാണ് ഞാൻ അറിയുന്നത് ഞാൻ ഒരു വലിയ സ്വപ്നം കാണുകയായിരുന്നു എന്ന്. സ്വപ്നം സാധ്യമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ സ്കൂളിലേക്ക് പതിയെ നടന്നു.

**Anusha Selbi -10 B**

# Little Sparrow




**Mary Helen**

# Say NO to child labour



# Drugs kill us




# Krishna


# THE KING



# Smile of Flower



# ALBERT EINSTEIN



***Albert Einstein was one of the most influential scientist of the 20th century.He was born in Germany in 1879.and is best known for his ground breking theory of relativity.***

***Einstein was a brilliant physicst who also made significant contributions to other fields such as Philosophy and mathematics.He was awarded the Nobel prize in physics.***

***Einstein was known for his independent thinking and unconventional ideas,which challenged established scientific believes of his time. He was also an advocate for piece and social justice.And was a vocal opponent of nuclear weapons.Today Einstein is widely regarded as a cultural icon.***

*Saniya Peter -8 A*



*Felix*

*8B*

# സൗഹൃദം



ജീവിതത്തിൽ നമുക്ക് ലഭിക്കാവുന്ന ഏറ്റവും വിലപ്പെട്ട കാര്യങ്ങളിൽ ഒന്നാണ് സൗഹൃദം.ജീവിതകാലം മുഴുവനും നീണ്ടു നിൽക്കുന്ന ഒരു ബന്ധമാണിത്.ഏതു രൂപത്തിലും വലുപ്പത്തിലും ആയാലും അവർക്ക് ഒരു പ്രത്യകസ്ഥാനമുണ്ട്.നമ്മൾ ഏതു മണ്ടത്തരം പറഞ്ഞാലും ചിരിച്ചുകൊണ്ട് കേട്ടിരിക്കാൻ ഒരാളുണ്ടാവുക എന്നത് ഭാഗ്യം തന്നെയാണ്.നമുക്ക് അസൂയ തോന്നിപ്പോകുന്ന ചില സൗഹൃദങ്ങളുമുണ്ട്.നല്ല സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയണം.

**Bincymol P A-8 B**

# Our Little Kites  Unit

















# TOKAMAK




*Tokamak nuclear fusion research of magnetic confinement of plasma.The fuel used in tokamak is dueterium and Tritium. The word Tokamak comes from a russian acronym "torodial chambers with magnetic fields". The temperature in tokamak is 150million0C.Major radius of a tokamak is 2.52m and minor radius is 0.87m.The tokamak was invented by Igor Jamm and Andrio Sakharov.It does not melt because it uses strong magnetic fields to confine plasma that heated above 200 million$^0$C.The longest fusion sustains plasma at 70million$^0$C as long as 1056 seconds.The contries which are the members of tokamak is china,European union,India,Japan and Russia.South Korea,United States.The first tokamak is in India is*

*Adithya.The tokamak is made of steels for the first wall and other structurals,upper alloys for the heat sink and beriyillium for facing the plasma.The Helium gas is Inert,Non-Toxic and no radioactiv*

*Ann Rima Ugin -8 A*

# INDIA'S FIRST SOLAR EXPLORER

## *ADITHYA -L1 MISSION*



*India's solar observation mission has entered the sun's orbit after a four-month journey, the latest success for the space exploration ambitions of the world's most populous country.*

*The Aditya-L1 mission was launched in September and is carrying an array of instruments to measure and observe the sun's outermost layers.*

***AARON JOJO- 8 B***

# നന്ദി



വരികളും
വരകളും വർണ്ണങ്ങളും കൊണ്ട് "വിഹാരം "സൃഷ്ടിച്ച പ്രിയ കൂട്ടുകാർക്കും പ്രോത്സാഹനം നൽകി കൂടെ നിന്ന അദ്ധ്യാപകർക്കും നന്ദി...

ചീഫ് എഡിറ്റർ

